**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **14-03-2022 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി റോഡുകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനകാര്യ അനുമതി നൽകിയ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത റോഡ് പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ? | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനകാര്യ അനുമതി നൽകിയ, കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന റോഡുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കിഫ്ബിയുടെ സാമ്പത്തികാനുമതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പുന്നക്കടവ് - പുതിയ പുഴക്കര - ഏഴിമല റെയിൽവേ സ്റ്റേഷൻ റോഡ് | 17.23 കോടി രൂപ | പ്രസ്തുത പ്രവൃത്തി 16.22 കോടി രൂപയ്ക്ക് 01/11/2018-ൽ കരാർ നൽകി. പ്രവൃത്തിയുടെ കരാറുകാരൻ മരണപ്പെട്ടതിനെ തുടർന്ന് പ്രവൃത്തി ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. 24.02.2022-ൽ നടത്തിയ യോഗത്തിൽ ടിയാന്റെ നോമിനി പുതിയ ഒരു എഗ്രിമെന്റ് വച്ച് പ്രവൃത്തി പൂർത്തീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. |
| 2 | കുപ്പം - ചുടല - പാണപ്പുഴ - കണാരം വയൽ റോഡ് | 57.59 കോടി രൂപ | പ്രസ്തുത പ്രവൃത്തി 52.66 കോടി രൂപയ്ക്ക് 09.10.2018-ൽ കരാർ നൽകി. പ്രവൃത്തിയുടെ കരാറുകാരൻ മരണപ്പെട്ടതിനെ തുടർന്ന് കരാറുകാരന്റെ നോമിനി മാനേജിങ് ഡയറക്ടർ ആയിട്ടുള്ള കമ്പനിയുമായി പ്രവൃത്തി നടത്തുവാനുള്ള കരാർ 27.01.2022-ൽ നൽകി. 2022 ജൂലൈ 26 വരെയാണ് പ്രവൃത്തിയുടെ കരാർ കാലാവധി. റോഡിന്റെ പ്രവൃത്തി പുരോഗമിച്ച് വരികയാണ്. 55 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ് | 20.36 കോടി രൂപ | പ്രസ്തുത പ്രവൃത്തി 18.234 കോടി രൂപയ്ക്ക് 09/11/2018-ൽ കരാർ നൽകി. റോഡിന്റെ പ്രവൃത്തി പുരോഗമിച്ച് വരികയാണ്. 95 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | ചന്ദപ്പുര - പരിയാരം - മെഡിക്കൽ കോളേജ് - ശ്രീസ്ഥ - നെരുവമ്പ്രം - കോട്ടക്കീൽ - വെള്ളിക്കീൽ - ഒഴക്രോം - കണ്ണപുരം | 38.89 കോടി രൂപ | പ്രസ്തുത പ്രവൃത്തി 35.092 കോടി രൂപയ്ക്ക് 27/11/2018-ൽ കരാർ നൽകി. റോഡിന്റെ പ്രവൃത്തി പുരോഗമിച്ച് വരികയാണ്. 90 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2022 മാർച്ച് 31 വരെയാണ് പ്രവൃത്തിയുടെ കരാർ കാലാവധി. |